മേലെഴുത്ത് കത്ത് നമ്പർ :DTETVM/10090/2024-AICTE1 (EC) തീയതി: 03-12-2024

01.07.2013 ന് മുൻപ് ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ/ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികയിൽ നിയമിതരായവരുടെ മുൻകാല സേവനം കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് പരിഗണിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് അറിവിലേക്കായി അയക്കുന്നു.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

**എല്ലാ പോളിടെക്നിക്ക് പ്രിൻസിപ്പൽമാർക്കും**(വെബ്സൈറ്റ് മുഖേന).

Signed by
Shalij P R
Date: 03-12-2024 17:36:14

FILE No: HEDN -L3/126/2024-HEDN

'ഭരണഭാഷ -മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം- ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ /ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികകളിലെ മുൻകാല സേവനം - കരിയർ അഡ്വാൻസ്മെന്റ് പ്രമോഷൻ/ വകുപ്പ് മേധാവി സെലക്ഷൻ എന്നിവക്കായി പരിഗണിച്ച് ഉത്തരവ്-പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(സാധാ)നം.1349/2024/ഉ.വി.വ തീയതി, തിരുവനന്തപുരം, 28.10.2024**

---

പരാമർശം:-
1. 19.12.1989 തീയതിയിലെ സ.ഉ(പി)261/1989/ഉ.വി.വ
2. 20.05.2020 തീയതിയിലെ F.No.27-4/AICTE/RIFD/Pay Scale 2018-19- എ.ഐ.സി.ടി.ഇ ക്ലാരിഫിക്കേഷൻ.
3. 28.01.2021 തീയതിയിലെ സ.ഉ(കൈ)37/2021/ഉ.വി.വ
4. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 26.07.2024 തീയതിയിലെ ഡി.ടി.ഇ ടി.വി.എം/3360/2024/എ.ഐ.സി.ടി.ഇ.1 നം കത്ത്

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിലെ ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ എന്നീ തസ്തികകളിലെ മുൻകാല സേവനം ലക്ചറർ സർവീസിന് സമാനമായി CAS പ്രമോഷൻ/വകുപ്പ് മേധാവി പ്രൊമോഷൻ എന്നിവക്കായി പരിഗണിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി നിവേദനം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. 01.0.7.2013-ന മുൻപ് ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ/ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികകളിൽ നിയമിതരാവുകയും, നിലവിൽ AICTE സ്കെയിലിൽ Placement നൽകപ്പെട്ടവരുമായ അദ്ധ്യാപകർക്ക് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്, ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലെ മുൻകാല സേവനം അധ്യാപന പരിചയമായി കണക്കാക്കി ടി സേവന കാലയളവ് ലക്ചറർ സർവീസിന് സമാനമായി CAS പ്രമോഷൻ/ എച്ച്.ഒ.ഡി

സെലക്ഷൻ എന്നിവക്കായി പരിഗണിക്കുന്നതിന് പരാമർശം (4) ലെ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. 01.07.2013-ന് എ.ഐ.സി.ടി.ഇ നടപ്പിലാക്കിയതിനുശേഷം ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്, ഇൻസ്ട്രക്ടർ ഗ്രേഡ് 1 തസ്തികകളെ എ.ഐ.സിടിഇ സ്കെയിലിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെയും പരാമർശം (1), (3) ഉത്തരവുകളുടെയും, പരാമർശം (2) ക്ളാരിഫിക്കേഷന്റെയും അടിസ്ഥാനത്തിൽ 01.07.2013-ന് മുൻപ് ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ/ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികകളിൽ നിയമിതരാവുകയും, നിലവിൽ AICTE സ്കെയിലിൽ Placement നൽകപ്പെട്ടതുമായ അദ്ധ്യാപകർക്ക് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്, ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ തസ്തികകളിലെ മുൻകാല സേവനം അധ്യാപന പരിചയമായി കണക്കാക്കി ടി സേവന കാലയളവ് ലക്ചറർ സർവീസിന് സമാനമായി കണക്കാക്കി CAS പ്രമോഷൻ / എച്ച്. ഒ.ഡി സെലക്ഷൻ എന്നിവക്കായി പരിഗണിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് എം.**
**ജോയിന്റ് സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പ്രിൻസിപ്പൽമാർക്കും ( സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, കോട്ടയം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ